I/96713/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/4751/2024-EA2 (EA) 06-06-2024

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം-തിരുവനന്തപുരം - പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം-സമ്മേളനക്കാലയാളവിൽ പാലിക്കേണ്ട നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 24/05/2024 ന് പ്രസിദ്ധീകരിച്ച നിയമസഭ കലണ്ടർ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂൺ 10 മുതൽ ജൂലൈ 25 വരെ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിവരം സൂചന പ്രകാരം അറിയിച്ചിരിക്കുന്നു.

സമ്മേളന ദിവസങ്ങളിൽ സഭാ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ സമയബന്ധിതമായി **അതീവ അടിയന്തിര പ്രാധാന്യത്തോടെ** ലഭ്യമാക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ മുൻകൂർ അനുമതിയോടെ അവധിയിൽ പ്രവേശിച്ചാൽ ഉടൻ ഇതിലേക്ക് പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അപൂർണവും, അവ്യക്തവും, തെറ്റായതുമായ വിവരങ്ങൾക്കും, മറുപടി നൽകുന്നതിലുള്ള കാലതാമസത്തിനും സ്ഥാപന മേധാവിയും, ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും, ക്ലാർക്കും ഉത്തരവാദിയായിരിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. മറുപടി വിവരങ്ങൾ, വിഷയം ആയി ചോദ്യ നമ്പർ ഉൾപ്പെടുത്തി **eadtekerala@gmail.com** എന്ന ഇ- മെയിൽ വിലാസത്തിലും ലഭ്യമാക്കേണ്ടതാണ്

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

Signed by
Shalij P R
Date: 06-06-2024 12:40:14